"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് - ജനകീയ ആരോഗ്യകേന്ദ്രത്തിന്റെ ഉദ്ഘാടനം - തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2149/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 05-03-2024 തീയതിയിലെ LSGD/PD/10506/2024-GEB4 നമ്പർ കത്ത്.
2. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സമർപ്പിച്ചിരിക്കുന്ന 19.06.2024 തീയതിയിലെ കത്ത്.

**ഉത്തരവ്**

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ ജനകീയ ആരോഗ്യകേന്ദ്രം ഹെൽത്ത് & വെൽനസ് സെന്ററിന്റെ ഉദ്ഘാടനത്തിന് ഗ്രാമപഞ്ചായത്തിന് 89508/- രൂപ ചെലവ് ഉണ്ടായെന്നും പ്രസ്തുത ചെലവിന് സാധൂകരണം നൽകണമെന്നുമുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു. തുടർന്ന് പ്രസ്തുത പരിപാടി നടത്തിപ്പിന്റെ വിശദാംശങ്ങൾ പരാമർശം(2) പ്രകാരവും ലഭ്യമായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ ജനകീയ ആരോഗ്യകേന്ദ്രം ഹെൽത്ത് & വെൽനസ് സെന്ററിന്റെ ഉദ്ഘാടന ചടങ്ങുമായി ബന്ധപ്പെട്ട ചെലവിന് ₹46000/-(നാൽപ്പത്താറായിരം രൂപ മാത്രം) പ്രസ്തുത ചെലവിന്റെ ആധികാരികത ഗ്രാമപഞ്ചായത്തും സെക്രട്ടറിയും പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിന്, യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 30-08-2025 15:38:50

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.